**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3939** | **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യലഭ്യത വർദ്ധി പ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഓരോ വർഷവും സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ 2011-ൽ എത്ര ലക്ഷം മെട്രിക് ടൺ മത്സ്യം കിട്ടിയിരുന്നു ; ആയത് 2021-ൽ എത്ര; വ്യക്തമാക്കുമോ; | (ബി) | 2010-11 സാമ്പത്തിക വർഷം ആകെ 6.82 ലക്ഷം മെട്രിക് ടൺ മത്സ്യം ലഭിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം ആകെ 6.15 ലക്ഷം മെട്രിക് ടൺ മത്സ്യം ആണ് ലഭിച്ചത്. |
| (സി) | നിലവിൽ ദിനംപ്രതി ആവശ്യമുള്ള മത്സ്യത്തിന്റെ അളവെത്ര;ദിനംപ്രതി നിലവിലെ മത്സ്യ ലഭ്യതയുടെ അളവെത്ര; | (സി) | സംസ്ഥാനത്ത് നിലവിൽ ദിനം പ്രതി ഏകദേശം 2054 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. ദിനംപ്രതി കേരളത്തിലെ മത്സ്യ ലഭ്യത നിലവിൽ 2050 മെട്രിക് ടൺ ആണ്. |
| (ഡി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവെത്ര; | (ഡി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കെത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടൺ ആണ്. |
| (ഇ) | പ്രസ്തുത ഇടിവ് പരിഹരിക്കുവാനും സംസ്ഥാനം മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും പ്രാപ്തമാകുന്നതിന് ഈ സർക്കാർ നൂതനമായ എന്തൊക്കെ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഇ) | മത്സ്യോൽപാദനത്തിലെ കുറവ് പരിഹരിക്കുന്നതിനും സംസ്ഥാനം മത്സ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മത്സ്യോൽപാദനത്തിലെ കുറവ് പരിഹരിക്കുന്നതിനും സംസ്ഥാനം മത്സ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ

**<u>കടൽ മേഖല</u>**

ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ (2018) നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും, കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധനം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുളളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. അതോടൊപ്പം കടൽ കൂട് കൃഷിയും പ്രാവർത്തികമാക്കി വരുന്നുണ്ട്.

മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനു പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി സാധ്യമാകുന്നതാണ്. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെട്ടുത്തിയിട്ടുണ്ട്. കൂടാതെ നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗ ശൂന്യമായ വല എന്നിവ കൂട്ടിക്കെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കടൽ മേഖലയിൽ നടപ്പാക്കി വരുന്ന നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിയ്ക്കുന്നതിനും അശാസ്ത്രീയവും നിയമപരമല്ലാത്തതുമായ മത്സ്യബന്ധന രീതികൾ നിയന്ത്രിയ്ക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമലംഘകർക്കെതിരെ ഉയർന്ന പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

**<u>ഉൾനാടൻ മേഖല</u>**

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് നൂതന പദ്ധതികളായ പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി, ബയോഫ്ളോക്ക് ടാങ്കിലെ കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം ഉൾപ്പെടെ വിവിധ മത്സ്യ കൃഷി രീതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. മത്സ്യകൃഷി രീതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

# സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2021-22

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1445 ഹെക്ടർ |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2860 ഹെക്ടർ |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1516 ഹെക്ടർ |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 19850 ഹെക്ടർ |
| 5 | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി | 320 ഹെക്ടർ |
| 6 | ഓരുജലത്തിലെ വിശാല മത്സ്യകൃഷി | 275 ഹെക്ടർ |
| 7 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 167 ഹെക്ടർ |
| 8 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 455 ഹെക്ടർ |
| 9 | ഞണ്ട് കൃഷി / കൊഴുപ്പിക്കൽ | 32.50 ഹെക്ടർ |
| 10 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 6110.00 യൂണിറ്റ് |
| 11 | ബയോഫ്ളോക്ക് കൃഷി (20 $m^3$) | 3380 യൂണിറ്റ് |
| 12 | ബയോഫ്ളോക്ക് കൃഷി (50 $m^3$) | 75 യൂണിറ്റ് |
| 13 | ബയോഫ്ളോക്ക് കൃഷി (160 $m^3$) | 490 യൂണിറ്റ് |
| 14 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) | 290 യൂണിറ്റ് |
| 15 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) | 263 യൂണിറ്റ് |
| 16 | ശുദ്ധജലത്തിലെ കൂടു കൃഷി | 670 യൂണിറ്റ് |
| 17 | ഓരുജലത്തിലെ കൂടു കൃഷി | 1725 യൂണിറ്റ് |
| 18 | കല്ലുമ്മേക്കായ കൃഷി | 832 യൂണിറ്റ് |
| 19 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം | 220 യൂണിറ്റ് |
| 20 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 40 യൂണിറ്റ് |

**സെക്ഷൻ ഓഫീസർ**